പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 194 — 4.10.2011 ൽ മറുപടിയ്ക്ക്

## ഗ്രാമങ്ങളിൽ ഐ.ടി. വികസനം സാദ്ധ്യമാക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഡൊമിനിക് പ്രസന്റേഷൻ ;<br>ശ്രീ. വർക്കല കഹാർ ;<br>ശ്രീ. സി.പി. മുഹമ്മദ് ; | ശ്രീ. പി.കെ. കുഞ്ഞാലികുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും നഗര കാര്യവും മന്ത്രി) |
| എ) ഗ്രാമങ്ങളിൽ ഐ.ടി. വികസനം സാധ്യമാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് ; | എ) ഗ്രാമങ്ങളിൽ ഐ.ടി. വികസനം സാധ്യമാക്കുന്നതിനായി ചില പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളെ കേന്ദ്രീകരിച്ചായിരുന്നു സംസ്ഥാനത്തെ ഐ.ടി. വികസനം പ്രധാനമായും നടന്നിരുന്നത്. മറ്റു ജില്ലകളിലും ഐ.ടി. പ്രവർത്തനങ്ങൾ വ്യാപിക്കുന്നതിന് വേണ്ടി ഒരു Hub & Spoke Model ആവിഷ്കരിക്കുകയും തിരുവനന്തപുരം ടെക്നോപാർക്കിനെ ദക്ഷിണ കേരളത്തിലെ Hub ആയി നിലനിർത്തികൊണ്ട് കൊല്ലത്ത് കുണ്ടറയിലും കൊച്ചി ഇൻഫോപാർക്കിനെ മദ്ധ്യ കേരളത്തിലെ Hub ആയി നിലനിർത്തിക്കൊണ്ട് ആലപ്പുഴ ജില്ലയിലെ ചേർത്തലയിലും അമ്പലപ്പുഴയിലും തൃശ്ശൂർ ജില്ലയിലെ കൊരട്ടിയിലും കോഴിക്കോട് സൈബർപാർക്കിനെ മലബാർ മേഖലയിലെ Hub ആയി നിലനിർത്തിക്കൊണ്ട് കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലും ഐ.ടി. പാർക്കുകൾ സ്ഥാപിക്കുന്നതിന് നടപടി എടുത്തിട്ടുണ്ട്. കൊല്ലത്തെ കുണ്ടറയിൽ 44 ഏക്കറിൽ പ്രവർത്തനം ആരംഭിക്കുന്ന സംസ്ഥാനത്തെ ആദ്യത്തെ ഗ്രാമീണ ഐ.ടി. പാർക്കായ കൊല്ലം ടെക്നോപാർക്കിൽ 5 ലക്ഷം ചതുരശ്രയടി വിസ്തീർണ്ണമുള്ള കെട്ടിട സമുച്ചയം നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. ഇതിന്റെ ആദ്യഘട്ടമായി നിർമ്മിക്കുന്ന ഒരു ലക്ഷം ചതുരശ്രയടി വിസ്തീർണ്ണമുള്ള കെട്ടിട സമുച്ചയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അവസാനഘട്ടത്തിലാണ്.<br><br>ഐ.ടി. മേഖലയിലെ തൊഴിൽ സാദ്ധ്യതകൾ ഗ്രാമ പ്രദേശങ്ങളിലും കൂടി ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ടെക്നോലോഡ്ജ് എന്ന പദ്ധതി |

സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ITeS/BPO കമ്പനികളെ പ്രവർത്തന ചെലവ് കുറവുള്ള ഗ്രാമങ്ങളിൽ നിന്ന് അവരുടെ പ്രവർത്തനം തുടങ്ങുന്നതിന് പ്രോത്സാഹനം നല്കി അതുവഴി ഗ്രാമീണമേഖലയിൽ തൊഴിലവസരങ്ങൾ ഉണ്ടാക്കുക എന്നുള്ളതായിരുന്നു ഈ പദ്ധതിയുടെ ഉദ്ദേശ്യം. പഞ്ചായത്തുകളുടെയും മറ്റ് സർക്കാർ ഏജൻസികളുടെയും കൈവശമുള്ള കെട്ടിടത്തിലാണ് ടെക്നോലോഡ്ജുകൾ സ്ഥാപിക്കുന്നത്. 11 ടെക്നോലോഡ്ജുകൾക്ക് സർക്കാർ ഭരണാനുമതി നല്കിയിട്ടുണ്ട്.

| | |
|---|---|
| ബി) ഇതിന്റെ ആദ്യഘട്ടമെന്ന നിലയിൽ ഗ്രാമങ്ങളിൽ ബി.പി.ഒ. കേന്ദ്രങ്ങൾ തുടങ്ങാൻ ധനസഹായം നൽകുമോ ; | ബി) IT, ITeS, BPO വ്യവസായ സംരംഭകർക്ക് ആകർഷകമായ വാടക നിരക്കിലാണ് ടെക്നോലോഡ്ജ് സെന്ററുകൾ നല്കിവരുന്നത്. ഐ.ടി. യൂണിറ്റുകൾക്ക് നല്കിവരുന്ന ആനുകൂല്യങ്ങൾ ടെക്നോലോഡ്ജുകളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കും നൽകുന്നതാണ്. |
| സി) ടെക്നോപാർക്കുകളിലെ കമ്പനികൾ ഈ പദ്ധതിയോട് താല്പര്യം പ്രകടിപ്പിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ ? | സി) ടെക്നോപാർക്കിലെ കമ്പനികൾ ടെക്നോലോഡ്ജ് പദ്ധതികളെക്കാൾ കൊല്ലം ടെക്നോപാർക്കിൽ അവരുടെ പ്രവർത്തനം തുടങ്ങാനാണ് താല്പര്യം പ്രകടിപ്പിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ